# എച്ച്.ഐ.വി. സന്ദേശം ജനമധ്യത്തിലെത്തിക്കാൻ ഇനി മജീഷ്യൻ മുതുകാടും

**ഫു**ട്ബോൾ തട്ടിക്കളിച്ചു കൊണ്ട് വേദിയിലെത്തുന്ന ആരോഗ്യവാനും സുമുഖനുമായ യുവാവ്. സമീപത്തു സ്ഥാപിച്ചിരിക്കുന്ന കൂറ്റൻ സിറിഞ്ചിലേക്ക് ഇയാളെ കയറ്റുന്നു. എച്ച്ഐവി അണുബാധ ഏതൊക്കെ മാർഗത്തിലൂടെ പകരാമെന്ന് എഴുതിയിരിക്കുന്ന കറുത്ത തുണി കൊണ്ട് സിറിഞ്ച് മൂടുന്നു. നിമിഷങ്ങൾക്കു ശേഷം പുറത്തു വരുന്നത് മെലിഞ്ഞുണങ്ങിയ രൂപം.

സെനറ്റ് ഹാളിൽ കൂടിയിരിക്കുന്ന നൂറുകണക്കിനു കാണികളെ ആകാംക്ഷയുടെയും അദ്ഭുതത്തിന്റെയും മായാലോകത്ത് നിർത്തിക്കൊണ്ട് പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച മാജിക് ഷോയിലെ രംഗങ്ങളാണിത്. എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും വിശദീകരിച്ചു കൊണ്ടിരിക്കെ മജീഷ്യൻ വേദിയിൽ പ്രത്യക്ഷപ്പെടുത്തുന്നത് എച്ച്ഐവി പരിശോധന നടത്തുന്ന ജ്യോതിസ് കേന്ദ്രം.

അവിടെ നിന്നുള്ള ഡോക്ടറും ടെക്നീഷ്യനും യുവാവിനെ ജ്യോതിസ് കേന്ദ്രത്തിലേക്കു കൊണ്ടു പോകുന്നു. പിന്നാലെ വേദിയിൽ ചികിത്സാകേന്ദ്രമായ ഉഷസ് കേന്ദ്രമാണ് പ്രത്യക്ഷപ്പെടുന്നത്. അവിടെ ചികിത്സ നടത്തി തിരിച്ചിറങ്ങുന്നത് പന്തു തട്ടിക്കളിച്ചു കൊണ്ടു തുടക്കത്തിൽ വേദിയിൽ വന്ന സുമുഖനായ ചെറുപ്പക്കാരൻ.

എച്ച്ഐവി അണുബാധിതനായ ഒരു വ്യക്തി ശരിയായ ചികിത്സയിലൂടെ സാധാരണ ജീവിതത്തിലേക്കു മടങ്ങിയെത്തുന്ന കാഴ്ചയാണ് മനോഹരമായ ഇന്ദ്രജാലത്തിലൂടെ ഗോപിനാഥ് മുതുകാട് നിറഞ്ഞ സദസിനു മുമ്പാകെ അവതരിപ്പിച്ചത്. ഇതിനിടെ എച്ച്ഐവി അണുബാധ പിടിപെടുന്നതിനെക്കുറിച്ചും പരിശോധനയിലൂടെ അണുബാധ കണ്ടെത്തുന്നതിനെക്കുറിച്ചും ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സേവനകേന്ദ്രങ്ങളേക്കുറിച്ചുമെല്ലാം മുതുകാട് വിശദീകരിച്ചു. എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾക്കായി പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാടും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും കൈകോർക്കുന്നതിന്റെ തുടക്കമായിരുന്നു ഈ പരിപാടി. എച്ച്ഐവി സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രചാരണ പരിപാടിക്ക് ലോക എയ്ഡ്സ് ദിനത്തിൽ തുടക്കം കുറിച്ചു. എച്ച്ഐവി നിയന്ത്രണം യാഥാർഥ്യമാക്കാം എന്നു പേരിട്ടിരിക്കുന്ന പ്രചാരണ പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം ആരോഗ്യമന്ത്രി പി.കെ ശ്രീമതി ടീച്ചർ നിർവഹിച്ചു. പ്രചാരണ പരിപാടിയുടെ ബ്രോഷർ മാന്ത്രികവിദ്യയിലൂടെ ഗോപിനാഥ് മുതുകാട് മന്ത്രിക്കു സമ്മാനിച്ചു.



*ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച മാജിക് ഷോയ്ക്കിടയിൽ സ്ക്രീനിൽ റെഡ് റിബൺ പ്രത്യക്ഷപ്പെടുത്തുന്നു. മാന്ത്രികദണ്ഡുപയോഗിച്ച് സ്ക്രീനിൽ തൊടുന്നത് ആരോഗ്യമന്ത്രി പി.കെ. ശ്രീമതി ടീച്ചർ. ഗോപിനാഥ് മുതുകാട്, സാമൂഹ്യക്ഷേമ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ്, ആരോഗ്യവകുപ്പു സെക്രട്ടറി മനോജ് ജോഷി, വി. സുരേന്ദ്രൻപിള്ള എംഎൽഎ എന്നിവർ സമീപം.*

എച്ച്ഐവിക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അണുബാധിതർക്ക് രോഗത്തെ നേരിടാനുള്ള മനക്കരുത്ത് പ്രദാനം ചെയ്യുന്നതിനുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ഗോപിനാഥ് മുതുകാടിന്റെ മാജിക് പ്രകടനം സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. മുതുകാടിന്റെ ഇനിയുള്ള മാജിക് ഷോകളിൽ എച്ച്ഐവി അണുബാധയ്ക്ക് എതിരായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന പ്രത്യേക ഇനം പരിപാടികൾ കൂടി ഉൾപ്പെടുത്തും.

എച്ച്ഐവി അണുബാധ പകരുന്ന നാലു മാർഗങ്ങൾ, അണുബാധിതനായാൽ പിന്തുടരേണ്ട ജീവിതരീതികൾ, ചികിത്സാ കേന്ദ്രങ്ങൾ, തുടങ്ങിയവയെക്കുറിച്ച് മാജിക്കിലൂടെ വിശദമായി പ്രതിപാദിക്കും. എച്ച്ഐവി അണുബാധിതരും മറ്റ് ഏത് രോഗബാധിതരെയും പോലെയാണെന്നും കൃത്യസമയത്ത് രോഗബാധ തിരിച്ചറിഞ്ഞു മരുന്നു കഴിക്കുകയാണെങ്കിൽ ഫലപ്രദമായി അണുബാധയെ ചെറുത്തുനിൽക്കാൻ സാധിക്കുമെന്നുമുള്ള സന്ദേശമാണ് താൻ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതെന്ന് ഗോപിനാഥ് മുതുകാട് പറഞ്ഞു.

## മെഡിക്കൽ കോളജുകളിൽ എയ്ഡ്സ് ദിനാചരണം

**ലോ**ക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ അഞ്ചു സർക്കാർ മെഡിക്കൽ കോളജുകളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും വിപുലമായ പരിപാടികൾ നടന്നു.

കോഴിക്കോട് മെഡിക്കൽ കോളജിൽ രാവിലെ ഉദ്ഘാടന പരിപാടികൾക്ക് ശേഷം എച്ച്ഐവിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരായ ഡോക്ടർമാർ ക്ലാസെടുത്തു. കുട്ടികൾക്കായി ക്വിസ് മത്സരവും 'സേവന ലഭ്യതയും മനുഷ്യാവകാശവും' എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു. ആലപ്പുഴ മെഡിക്കൽ കോളജിൽ രാവിലെ പൊതുസമ്മേളനവും പാനൽചർച്ചയും നടന്നു. ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കും ഹൗസ് സർജൻമാർക്കുമായി നടന്ന ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് ഡോ. ടി.ഡി.യു കർത്ത സമ്മാനം വിതരണം ചെയ്തു.

കോട്ടയം, തിരുവനന്തപുരം, തൃശൂർ മെഡിക്കൽ കോളജുകളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും രാവിലെ പൊതുസമ്മേളനവും പാനൽ ചർച്ചയും നടന്നു. പാലക്കാട്ട് ക്വിസ് മത്സരവും കലാപരിപാടികളും അരങ്ങേറി. തൃശൂരിൽ എച്ച്.ഐ.വി ബോധവത്കരണ സന്ദേശം പ്രചരിപ്പിക്കുന്ന ഓട്ടൻതുള്ളൽ പരിപാടിയും ക്വിസ് മത്സരവും ഉണ്ടായിരുന്നു.



*ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് തിരൂർ സീതി സാഹിബ് പോളിടെക്നിക്കിലെ റെഡ് റിബൺ ക്ലബ് സംഘടിപ്പിച്ച രക്തദാന ക്യാമ്പ്.*

Printed & Published by Project Director, Kerala State AIDS Control Society (Dept. of Health and Family Welfare, Government of Kerala), Thiruvananthapuram - 35, www.ksacs.in
keralasacs@gmail.com, Ph: +91 471 2304882, 2303763, Fax: +91 471 2305183. HIV/AIDS Telecounselling No: 1097. For private circulation only.

KSACS
ആരോഗ്യ വകുപ്പ്
കേരള സർക്കാർ

അറിയുക
കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വാർത്താപത്രിക

Volume 4 | Issue 23 | November - December 2009

# എയ്ഡ്സ് ദിനം സജീവം

● സംസ്ഥാനത്തൊമ്പാടുമായി രണ്ടു ലക്ഷത്തിലേറെ പേർ റെഡ് റിബൺ ധരിച്ചു ● യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ എയ്ഡ്സ് ദിനാചരണ പൊതു സമ്മേളനം ● മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനെ റെഡ് റിബൺ അണിയിച്ചു ● സംസ്ഥാനത്തെ മുഴുവൻ പോലീസുകാരും റെഡ് റിബൺ ധരിച്ചു ● സാമൂഹ്യക്ഷേമ വകുപ്പ്, കെ.എസ്.ആർ.ടി.സി, കളക്ടറേറ്റുകൾ, തദ്ദേശസ്വയം ഭരണ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാർ റെഡ് റിബൺ ധരിച്ചു ● റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ റെഡ് റിബൺ വിതരണം ചെയ്തു ● റെഡ് റിബൺ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ കോളജുകളിൽ റെഡ് റിബൺ അണിയലും ദിനാചരണ പരിപാടികളും ● സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വിവിധ സേവനകേന്ദ്രങ്ങളായ ജ്യോതിസ്, പ്രത്യാശ, പുലരി തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി പരിപാടികൾ ● അഞ്ചു സർക്കാർ മെഡിക്കൽ കോളജുകളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും ദിനാചരണം



*ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ ആരോഗ്യമന്ത്രി പി.കെ ശ്രീമതി ടീച്ചർ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനെ റെഡ് റിബൺ അണിയിച്ചതിനു ശേഷം മുഖ്യമന്ത്രി എയ്ഡ്സ്ദിന സന്ദേശം നൽകുന്നു*

## കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി വെബ്സൈറ്റിന് ഇ ഗവേണൻസ് അവാർഡ്



**കേ**രള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വെബ്സൈറ്റായ www.ksacs.in സംസ്ഥാന സർക്കാരിന്റെ ഇ ഗവേണൻസ് അവാർഡിന്റെ വെബ്സൈറ്റ് വിഭാഗത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനിൽ നിന്ന് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ അവാർഡ് ഏറ്റുവാങ്ങി. ആരോഗ്യമേഖലയിൽ നിന്ന് അവാർഡിന് അർഹമായിട്ടുള്ളത് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മാത്രമാണ്.

2006 ലാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.ksacs.in നിലവിൽ വന്നത്. എച്ച്ഐവിക്കും എയ്ഡ്സിനുമെതിരെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങൾ പൊതുജനങ്ങളെയും ലക്ഷ്യജനവിഭാഗങ്ങളെയും അറിയിക്കുക എന്നതായിരുന്നു വെബ്സൈറ്റിന്റെ ലക്ഷ്യമായി ഉദ്ദേശിച്ചിരുന്നത്. ഈ രംഗത്ത് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തി വരുന്ന പ്രവർത്തനങ്ങളേക്കുറിച്ചുള്ള വിവരങ്ങൾ അറിയാനും അറിയിക്കാനുമുള്ള ഉപാധിയായിരുന്നു ഈ വെബ്സൈറ്റ്.



*സംസ്ഥാന സർക്കാരിന്റെ ഇ ഗവേണൻസ് അവാർഡിന്റെ വെബ്സൈറ്റ് വിഭാഗത്തിൽ മൂന്നാം സ്ഥാനത്തിനുള്ള അവാർഡ് മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദനിൽ നിന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിക്കു വേണ്ടി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ ഏറ്റുവാങ്ങുന്നു.*

എന്നാൽ വെറും മൂന്നു വർഷത്തിനുള്ളിൽ വെബ്സൈറ്റിന്റെ ഉള്ളടക്കത്തിലും ഉദ്ദേശ്യലക്ഷ്യങ്ങളിലും കാര്യമായ മാറ്റങ്ങൾ വന്നു. ഇന്നിപ്പോൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മുതൽ എച്ച്ഐവി അണുബാധിതർക്കും പൊതുജനങ്ങൾക്കും ഓൺലൈനായി ആശയവിനിമയം നടത്തുന്നതിനുള്ള അവസരം വരെ ഈ വെബ്സൈറ്റ് ഒരുക്കുന്നു. ചുരുക്കി പറഞ്ഞാൽ എച്ച്ഐവിയെക്കുറിച്ചുള്ള എന്തു വിവരവും അറിയുന്നതിനും ഏതു സംശയവും ദൂരീകരിക്കുന്നതിനും വെബ്സൈറ്റ് വഴികാട്ടിയാണ്. ഇന്ന് ഇന്ത്യയിലെ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റികളുടെ വെബ്സൈറ്റുകളിൽ ഏറ്റവും മികച്ചത് എന്ന പേരു നേടാൻ www.ksacs.in നു കഴിഞ്ഞിട്ടുണ്ട്.

## പത്രാധിപക്കുറിപ്പ്

# എച്ച്.ഐ.വി., എയ്ഡ്സ് പ്രവർത്തനങ്ങൾ താഴേത്തട്ടിലേക്കെത്തുന്നു

**മ**റ്റൊരു ലോകഎയ്ഡ്സ് ദിനം കൂടി കടന്നു പോയി. ലോകത്തെമ്പാടുമെന്നതു പോലെ കേരളത്തിലും വിപുലമായി എയ്ഡ്സ് ദിനാചരണ പരിപാടികൾ നടന്നു.

എച്ച്ഐവിക്കും എയ്ഡ്സിനുമെതിരെ ജാഗ്രത പാലിക്കുന്നതിനുള്ള ഓർമപ്പെടുത്തലാണ് ഓരോ എയ്ഡ്സ് ദിനവും. ഈ രംഗത്തു പ്രവർത്തിക്കുന്നവർക്ക് ആത്മപരിശോധനയ്ക്കുള്ള അവസരവും. ആ നിലയ്ക്കു പരിശോധിക്കുമ്പോൾ ഈ വർഷത്തെ എയ്ഡ്സ് ദിനാചരണം ആത്മസംതൃപ്തിക്കു വക നൽകുന്നു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണവും നിയന്ത്രണ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. എച്ച്ഐവി അണുബാധിതർക്കും എയ്ഡ്സ് ബാധിതർക്കും സംരക്ഷണവും പരിപാലനവും നൽകുന്ന പ്രവർത്തനങ്ങളും സൊസൈറ്റി നടത്തുന്നുണ്ട്. വർഷങ്ങളായി നടത്തി വരുന്ന ഈ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി അളക്കുന്നതിന് കണക്കുകളുടെ പിൻബലം മാത്രം മതിയാകില്ല.

പൊതുസമ്മേളനങ്ങളും റെഡ് റിബൺ അണിയലും റാലികളുമൊക്കെ എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്. ഇക്കുറിയും തിരുവനന്തപുരത്ത് സംസ്ഥാനതല പൊതുസമ്മേളനവും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സേവനകേന്ദ്രങ്ങളുടെയും മറ്റു സംഘടനകളുടെയും ആഭിമുഖ്യത്തിൽ മറ്റു നിരവധി കേന്ദ്രങ്ങളിലും എയ്ഡ്സ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

എന്നാൽ താഴേത്തട്ടിലെ പൊതുജനപങ്കാളിത്തവും സർക്കാർ വകുപ്പുകളും മറ്റ് സംഘടനകളും സ്വന്തം ഉത്തരവാദിത്വമായി എയ്ഡ്സ് ദിനാചരണം സംഘടിപ്പിച്ചതുമാണ് ഇത്തവണത്തെ പ്രത്യേകതയായി എടുത്തു പറയാവുന്നത്. വിവിധ സർക്കാർ വകുപ്പുകൾ തങ്ങളുടേതായ രീതിയിൽ എയ്ഡ്സ് ദിനാചരണം കേരളത്തിലെമ്പാടും സംഘടിപ്പിച്ചു.

എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടപ്പിലാക്കി വരുന്ന മുഖ്യധാരാവത്കരണ പരിപാടികൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവായി ഇതിനെ കാണാം. എച്ച്ഐവി, എയ്ഡ്സ് മേഖലയിൽ തങ്ങൾക്കുള്ള ഉത്തരവാദിത്വം അംഗീകരിക്കുകയും ഏറ്റെടുക്കുകയുമായിരുന്നു ഈ വകുപ്പുകൾ. ഇവരുടെ അർപ്പണ മനോഭാവത്തിന്റെ പ്രതിഫലനം കൂടിയാണിത്.

അതുപോലെ തന്നെ എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ തന്നെ വിവിധ സേവനകേന്ദ്രങ്ങളും എയ്ഡ്സ് ദിനാചരണ പരിപാടികൾ മുമ്പെങ്ങുമില്ലാത്ത വിധം ഫലപ്രദമായി ആചരിച്ചു. കോളജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളും ദിനാചരണത്തിൽ സജീവമായിരുന്നു.

എച്ച്ഐവി, എയ്ഡ്സ് സന്ദേശം താഴേത്തട്ടിലേക്ക് എത്തിത്തുടങ്ങിയിരിക്കുന്നു എന്നതിന്റെ വ്യക്തമായ സൂചനയായി ഇതിനെ കാണാം.

അംഗൻവാടികൾ, കുടുംബശ്രീ തുടങ്ങി സമൂഹത്തിന്റെ താഴേത്തട്ടിൽ ശക്തമായ ശൃംഖലകളുള്ള പ്രസ്ഥാനങ്ങളിലേക്കും എച്ച്ഐവി ബോധവത്കരണ, പ്രതിരോധ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ സർക്കാർ വകുപ്പുകളെ കൂടാതെ സമൂഹത്തിന്റെ വിവിധ തട്ടുകളിലുള്ള സംഘടനകളും പ്രസ്ഥാനങ്ങളും എച്ച്ഐവി പ്രവർത്തനങ്ങളെ പ്രതിബദ്ധതയോടെ ഏറ്റെടുത്തു നടപ്പിലാക്കുമ്പോഴാണ് യഥാർഥത്തിലുള്ള ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നത്.

ഈയർഥത്തിൽ എയ്ഡ്സ് ദിനാചരണം വലിയൊരു പരിധി വരെ യഥാർഥ ലക്ഷ്യം കൈവരിച്ചതായി കാണുന്നതിൽ സംതൃപ്തിയുണ്ട്. മനുഷ്യാവകാശം സംരക്ഷിച്ചു കൊണ്ട് എച്ച്ഐവി സേവനങ്ങൾ എല്ലാവരിലേക്കും എന്ന ഇത്തവണത്തെ എയ്ഡ്സ് ദിന സന്ദേശത്തിന്റെ സത്ത ഉൾക്കൊണ്ടു കൊണ്ട് ഈ രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് എയ്ഡ്സ് ദിനാചരണ പരിപാടികളുടെ വിജയം ആത്മവിശ്വാസം നൽകുകയാണ്. നിലവിൽ എച്ച്ഐവി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ലാത്ത സർക്കാർ വകുപ്പുകളും സന്നദ്ധസംഘടനകളും പ്രസ്ഥാനങ്ങളുമെല്ലാം ഈ മേഖലയിലേക്ക് കടന്നുവരണമെന്ന് അഭ്യർഥിക്കുകയാണ്

**ഡോ. കെ. ഷൈലജ**
പ്രോജക്ട് ഡയറക്ടർ

## എച്ച്.ഐ.വി. അണുബാധിതരായ വിദ്യാർഥികൾക്ക് ലയൺസ് ക്ലബ്ബിന്റെ ധനസഹായം



*ആലപ്പുഴ പ്രത്യാശ കേന്ദ്രത്തിലെ എച്ച്ഐവി അണുബാധിതരായ വിദ്യാർഥികൾക്കുള്ള ധനസഹായം ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ റോയി വർഗീസിൽ നിന്നും ഡിസ്ട്രിക്ട് വോളണ്ടറി ബ്ലഡ് ഡോണേഴ്സ് ഫോറം കോ ഓർഡിനേറ്റർ അജിത്കുമാർ ഏറ്റുവാങ്ങുന്നു.*

**ല**യൺസ് ക്ലബ് ഓഫ് ആലപ്പി 49-ാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി ആലപ്പുഴ പ്രത്യാശ കേന്ദ്രത്തിലെ എച്ച്ഐവി അണുബാധിതരായ വിദ്യാർഥികൾക്ക് പ്രതിമാസം 300 രൂപ വീതം നൽകാൻ തീരുമാനിച്ചു. വാർഷിക ദിനമായ ഒക്ടോബർ പത്തിന് ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ റോയി വർഗീസ് ആദ്യ ചെക്ക് നൽകി പദ്ധതി ഉദ്ഘാടനം ചെയ്തു. ആലപ്പുഴ പ്രത്യാശ കേന്ദ്രത്തിന് വേണ്ടി ഡിസ്ട്രിക്ട് വോളണ്ടറി ബ്ലഡ് ഡോണേഴ്സ് ഫോറം കോ ഓർഡിനേറ്ററും പാലിയേറ്റീവ് കെയർ സെന്റർ കോ ഓർഡിനേറ്ററുമായ അജിത് കുമാർ ചെക്ക് ഏറ്റുവാങ്ങി.

ലയൺസ് ക്ലബ് ഓഫ് ആലപ്പി പ്രസിഡന്റ് ആന്റണി എസ്കാർഡ് അധ്യക്ഷനായിരുന്നു. ഒക്ടോബർ 26 ന് ആലപ്പുഴ പ്രത്യാശ കേന്ദ്രത്തിന്റെ മാസക്കൂട്ടായ്മയിൽ ലയൺസ് ക്ലബ് ഓഫ് ആലപ്പി പ്രോജക്ട് കോ ഓർഡിനേറ്റർ ജോൺ ജോസഫ് വിദ്യാർഥികൾക്ക് സഹായധനം വിതരണം ചെയതു.

ബഹു. ഗവർണറുടെ എയ്ഡ്സ്ദിന സന്ദേശം

## എയ്ഡ്സിനെതിരെ ഒറ്റക്കെട്ടായി രംഗത്തിറങ്ങാം



**ഡി**സംബർ ഒന്ന് ലോകമെമ്പാടും എയ്ഡ്സ് ദിനമായി ആചരിക്കുകയാണ്.

മാനവരാശിയെ ഏറ്റവുമധികം ദുരിതത്തിലാഴ്ത്തിയ അസുഖങ്ങളിലൊന്നായ എയ്ഡ്സ് ഇന്നും ആയിരക്കണക്കിന് ആളുകളെ നാശത്തിലേക്കു തള്ളിവിട്ടു കൊണ്ട് ലോകത്തിനു ഭീഷണിയായി നിലനിൽക്കുകയാണ്. എച്ച് ഐവിയുടെ ദ്രുതഗതിയിലുള്ള വ്യാപനം നൂറുകണക്കിനു ജീവനുകൾ കവർന്നു കഴിഞ്ഞു. എയ്ഡ്സിന്റെയത്ര നാശം വിതച്ച മറ്റൊരു രോഗം മുമ്പു ലോകത്തുണ്ടായി കാണില്ല. അതു കൊണ്ടു തന്നെ ലോകത്തെ എല്ലാ രാജ്യങ്ങളും ഈ ഭീഷണിയെ ചെറുക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളെടുക്കേണ്ടതുണ്ട്.

ഈ അസുഖം ഇനിയും വ്യാപിക്കാതിരിക്കാൻ നമുക്ക് ഒറ്റക്കെട്ടായി രംഗത്തിറങ്ങാം. എച്ച്ഐവിക്കെതിരെയുള്ള പ്രവർത്തന പരിപാടികൾക്കു ഗതിവേഗം കൂട്ടിക്കൊണ്ട് കൂടുതൽ ശക്തിയോടെയും നിശ്ചയദാർഢ്യത്തോടെയും മുന്നോട്ടു കൊണ്ടു പോകണം.

എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചുമുള്ള അവബോധത്തിന്റെ പ്രതീകമാണ് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള റെഡ് റിബൺ. തീവ്രപ്രചാരണത്തിലൂടെ മാത്രമേ എയ്ഡ്സിന്റെ ഫലമായുണ്ടായിക്കൊണ്ടിരിക്കുന്ന വ്യാപകമായ ദോഷത്തേക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുവാൻ സാധിക്കുകയുള്ളു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഈ രംഗത്തു നടത്തിക്കൊണ്ടിരിക്കുന്ന സ്തുത്യുർഹമായ പ്രവർത്തനങ്ങളുടെ പേരിൽ അവരെ അഭിനന്ദിക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് എല്ലാ വിജയവും ആശംസിക്കുകയും ചെയ്യുന്നു.

ജയ്ഹിന്ദ്

**ആർ.എസ്. ഗവായ്**





# കെ.എം.എം.എല്ലിൽ എച്ച്.ഐ.വി. നയം തയാറായി

**ച**വറയിലെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് എച്ച്ഐവി, എയ്ഡ്സ് നയം തയാറാക്കുന്ന കേരളത്തിലെ ആദ്യത്തെ പൊതുമേഖലാ സ്ഥാപനമായി. ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി ഡിസംബർ ഒന്നിന് കെ.എം.എം.എല്ലിലെ ഫയർ ആൻഡ് സേഫ്റ്റി ഹാളിൽ നടന്ന ചടങ്ങിൽ എച്ച്ഐവി നയം ഔദ്യോഗികമായി സ്ഥാപനത്തിൽ നടപ്പാക്കി.

കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായ ബി. ശ്രീനിവാസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കമ്പനിയിലെ സ്ഥിരം ജീവനക്കാരും കരാർ ജീവനക്കാരും ട്രക്ക് ഡ്രൈവർമാരുമുൾപ്പെടെ എല്ലാവർക്കുമിടയിൽ എച്ച്ഐവി പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് അദ്ദേഹം പറഞ്ഞു. കൊല്ലം ജില്ലാ കളക്ടർ എ. ഷാജഹാൻ എച്ച്ഐവി നയം നടപ്പിലാക്കുന്നതു സംബന്ധിച്ച പ്രഖ്യാപനം നടത്തി.



*ചവറ കേരള മിനറൽസ് ആൻഡ് മെറ്റൽസിലെ ലോക എയ്ഡ്സ്ദിനാചരണ പരിപാടികളുടെ ഭാഗമായി കമ്പനി മാനേജിംഗ് ഡയറക്ടർ ബി. ശ്രീനിവാസ് കൊല്ലം ജില്ലാ കളക്ടർ ഷാജഹാനെ റെഡ് റിബൺ അണിയിക്കുന്നു.*

ജില്ലയിലെ എച്ച്ഐവി, എയ്ഡ്സ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടു പോയെങ്കിൽ മാത്രമേ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കമ്പനിയുടെ എച്ച്ഐവി, എയ്ഡ്സ് നയം ഡപ്യൂട്ടി ജനറൽ മാനേജർ കെ. അനിലിന് കളക്ടർ കൈമാറി.

ഡപ്യൂട്ടി ജനറൽ മാനേജർ കുര്യാക്കോസ് വർഗീസ് ബോധവത്കരണ ലഘുലേഖകൾ ഡപ്യൂട്ടി ജനറൽ മാനേജർ സുരേഷ്കുമാറിനു കൈമാറി. എച്ച്ഐവി അണുബാധിതർക്കുള്ള ധനസഹായം ഫിനാൻസ് ജനറൽ മാനേജർ സുനിൽ ചാക്കോ കൊല്ലം പ്രത്യാശ കേന്ദ്രം കോ ഓർഡിനേറ്റർ ഗിരിജയ്ക്കു കൈമാറി.

എക്സിക്യൂട്ടീവ് ഡയറക്ടർ സി.ജെ. ജോർജ്, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, ഐ.എൻ.ടി.യു.സി സെക്രട്ടറി ജയകുമാർ, സി.ഐ.ടി.യു സെക്രട്ടറി സതീശ്ചന്ദ്രബാബു, ഐ.എൻ.ടി.യു.സി (എംഎസ് യൂണിറ്റ്) പ്രതിനിധി ജോൺസൺ വർഗീസ്, സി.ഐ.ടി.യു (എംഎസ് യൂണിറ്റ്) പ്രതിനിധി ശശിധരൻ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. പബ്ലിക്ക് റിലേഷൻസ് ഓഫീസർ കെ.എം. മുഹമ്മദ് അനിൽ സ്വാഗതവും രാധാ കൃഷ്ണൻ നന്ദിയും പറഞ്ഞു.

കമ്പനിയിലെ രണ്ടായിരത്തോളം ജീവനക്കാർ റെഡ് റിബൺ ധരിച്ചു.

# എച്ച്.ഐ.വി. നിയന്ത്രണം: വ്യവസായബന്ധ സമിതി അംഗങ്ങൾക്കായി ശിൽപശാല നടത്തി

**എ**ച്ച്ഐവി എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പിൽ സജീവമാക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത വ്യവസായങ്ങളിലെയും തോട്ടം മേഖലയിലെയും വ്യവസായബന്ധ സമിതി അംഗങ്ങൾക്കായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. ആനത്തലവട്ടം ആനന്ദൻ എംഎൽഎ ശില്പശാല ഉദ്ഘാടനം ചെയ്തു.



*പരമ്പരാഗത വ്യവസായങ്ങളിലെയും തോട്ടം മേഖലയിലെയും വ്യവസായബന്ധ സമിതി അംഗങ്ങൾക്കായി സംഘടിപ്പിച്ച ഏകദിന ശില്പശാല ആനത്തലവട്ടം ആനന്ദൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

ലേബർ കമ്മീഷണർ എ.ജെ രാജൻ ഐഎഎസ് അധ്യക്ഷനായിരുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ മുഖ്യപ്രഭാഷണം നടത്തി. കാഷ്യൂ സ്പെഷ്യൽ ഓഫീസർ ജി. മോഹൻദാസ് ആശംസയർപ്പിച്ചു. തൊഴിൽ വകുപ്പിലെ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർ ഡോ. എ.കെ. ശ്രീഹരി സ്വാഗതവും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണവിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ നന്ദിയും പറഞ്ഞു.

തുടർന്ന് എച്ച്.ഐ.വിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി കെയർ ആൻഡ് സപ്പോർട്ട് ജോയിന്റ് ഡയറക്ടർ ഡോ. റീറ്റ ക്രോസ്, ജിപ്പ കോ ഓർഡിനേറ്റർ അഞ്ജന, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി.സുനിൽകുമാർ തുടങ്ങിയവർ ക്ലാസെടുത്തു. വ്യവസായബന്ധ സമിതികളിൽ മാനേജ്മെന്റിന്റെയും തൊഴിലാളി യൂണിയനുകളുടെയും പ്രതിനിധികൾ അംഗങ്ങളാണ്. ഇവരിലൂടെ ഈ മേഖലകളിൽ ജോലിയെടുക്കുന്നവരിലേക്ക് എച്ച്ഐവി ബോധവത്കരണ, നിയന്ത്രണ പ്രവർത്തനങ്ങൾ എത്തിക്കാൻ സാധിക്കും.

# ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ എയ്ഡ്സ് ദിനാചരണം

**കൊ**ച്ചിയിലെ ട്രാവൻകൂർ – കൊച്ചിൻ കെമിക്കൽസിൽ വിപുലമായ എയ്ഡ്സ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. കമ്പനിയിൽ നടന്ന സമ്മേളനത്തിൽ ടെക്നിക്കൽ വിഭാഗം ജനറൽ മാനേജർ ടി.ജി. തുളസീദാസ് അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ വി. മുരളീധരൻനായർ ഉദ്ഘാടനം ചെയ്തു.

ബിനാനി സിങ്ക് ലിമിറ്റഡിലെ ചീഫ് മെഡിക്കൽ ഓഫീസറായ ഡോ. ഏബ്രഹാം വർഗീസ് ക്ലാസെടുത്തു. പ്രത്യാശ കേന്ദ്രത്തിൽ നിന്നുള്ള പോസിറ്റീവ് സ്പീക്കർ ജോൺസൺ അനുഭവ വിവരണം നടത്തി. ഏലൂർ ഗ്രാമപഞ്ചായത്ത്, ഏലൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിട ങ്ങളിൽ നിന്നുള്ള പ്രതിനിധികളും തൊഴിലാളി യൂണിയൻ നേതാക്കളും പങ്കെടുത്തു. എച്ച്ഐവി, എയ്ഡ്സിനേക്കുറിച്ചുള്ള വീഡിയോ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

കരാർ തൊഴിലാളികൾ ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരും എയ്ഡ്സ് ദിനത്തിൽ റെഡ് റിബൺ ധരിച്ചാണ് ജോലി ചെയ്തത്. എച്ച്ഐവിയെക്കുറിച്ചുള്ള പോസ്റ്ററുകളും ബാനറുകളും മറ്റും കമ്പനി പരിസരത്ത് പ്രദർശിപ്പിച്ചിരുന്നു.

എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി നേരത്തെ പോസ്റ്റർ മത്സരവും ക്വിസ് മത്സരവും നടത്തിയിരുന്നു. എയ്ഡ്സ് ദിന സമ്മേളനത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. നവംബർ 26ന് ടി.സി.സി ഒക്കുപ്പേഷണൽ ഹെൽത്ത് സെന്ററിൽ നടത്തിയ രക്തദാനക്യാമ്പിൽ കമ്പനിയിലെ 50 ജീവനക്കാർ രക്തദാനം നടത്തി.

# ലോക എയ്ഡ്സ് ദിനം 2009

# നാടെങ്ങും എയ്ഡ്സ് ദിനാചരണ പരിപാടികൾ

## സ്റ്റീൽ ആൻഡ് ഫോർജിംഗ്സ് ലിമിറ്റഡിൽ

അത്താണിയിലെ സ്റ്റീൽ ആൻഡ് ഫോർജിംഗ്സ് ലിമിറ്റഡിൽ എയ്ഡ്സ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. മാനേജിംഗ് ഡയറക്ടർ ക്യാപ്റ്റൻ സി. ഉണ്ണികൃഷ്ണൻ റെഡ് റിബൺ അണിയൽ ഉദ്ഘാടനം ചെയ്തു. കമ്പനിയിലെ മുഴുവൻ ജീവക്കാരും റെഡ് റിബൺ ധരിച്ചു.

എല്ലാ ജീവനക്കാരും എയ്ഡ്സ്ദിന പ്രതിജ്ഞ ചൊല്ലിക്കൊണ്ട് എച്ച്ഐവി, എയ്ഡ്സ് വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനുള്ള സന്നദ്ധത അറിയിച്ചു. കമ്പനി പരിസരത്ത് എച്ച്ഐവി സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകളും ബാനറുകളും പ്രദർശിപ്പിച്ചിരുന്നു.

## മലബാർ സിമന്റ്സിൽ

ലോക എയ്ഡ്സ് ദിനത്തിൽ മലബാർ സിമന്റ്സിലെ ജീവനക്കാർ ഒന്നടങ്കം എയ്ഡ്സ്ദിന പ്രതിജ്ഞ പുതുക്കി. എച്ച്ഐവി അണുബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തുകയോ വിവേചനപരമായി പെരുമാറുകയോ ചെയ്യില്ല എന്ന പ്രതിജ്ഞയെടുത്തതിനു പുറമെ മുഴുവൻ ജീവനക്കാരും റെഡ് റിബൺ ധരിക്കുകയും ചെയ്തു.

## കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗിൽ

കൊല്ലം കുണ്ടറയിലെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനിയിൽ ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി ജീവനക്കാർ റെഡ് റിബൺ



*ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ ജീവനക്കാർ എയ്ഡ്സ്ദിന പ്രതിജ്ഞ ചൊല്ലുന്നു.*

ധരിച്ചു. പോസ്റ്ററുകളും ലഘുലേഖകളും കമ്പനി പരിസരത്ത് പ്രദർശിപ്പിച്ചു. രക്തദാന ഫോറത്തിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നടത്തി. കമ്പനിയിലെ ജീവനക്കാർക്കായി എച്ച്ഐവി, എയ്ഡ്സിനേക്കുറിച്ച് ഡോ. രാധാമണി ക്ലാസെടുത്തു.



*ലോക എയ്ഡ്സ്ദിനത്തോടനുബന്ധിച്ച് ആലപ്പുഴ ശ്രീബുദ്ധ കോളജിലെ റെഡ് റിബൺ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന പൊതുസമ്മേളനം.*

## സ്റ്റീൽ കോംപ്ലക്സിൽ

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിൽ വിവിധ പരിപാടികളോടെ എയ്ഡ്സ് ദിനം ആചരിച്ചു. പൊതുസമ്മേളനത്തിനു പുറമെ ചെറുവണ്ണൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോ. മോഹൻകുമാർ എച്ച്ഐവി, എയ്ഡ്സിനേക്കുറിച്ച് ക്ലാസെടുത്തു. കോൺഫറൻസ് ഹാളിൽ സ്ഥാപിച്ച എച്ച്ഐവി പ്രതിരോധ സന്ദേശം രേഖപ്പെടുത്തിയ വലിയ കാൻവാസിൽ മുഴുവൻ ജീവനക്കാരും ഒപ്പു രേഖപ്പെടുത്തി. കോഴിക്കോട് രക്തദാന ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കമ്പനിയിലെ ജീവനക്കാർക്കായി രക്തഗ്രൂപ്പ് നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. കമ്പനി പരിസരത്ത് എച്ച്ഐവി സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകളും ബാനറുകളും മറ്റും പ്രദർശിപ്പിച്ചിരുന്നു.

## ഹാൻടെക്സിൽ

ഹാൻടെക്സിൽ എയ്ഡ്സ് ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ഹാൻടെക്സ് ഹെഡ് ഓഫീസിലും അനുബന്ധ യൂണിറ്റുകളായ ഗാർമെന്റ് യൂണിറ്റ്, വീവിംഗ് ഫാക്ടറി, പാപ്പനംകോട് പ്രോസസ് ഹൗസ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരും റെഡ് റിബൺ ധരിച്ചു. ലഘുലേഖാവിതരണവും നടന്നു. മാനേജിംഗ് ഡയറക്ടർ കെ. സുധീർ എയ്ഡ്സ് പ്രതിരോധം, ബോധവത്കരണം എന്ന വിഷയത്തിൽ ക്ലാസെടുത്തു.

## ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ

ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ എയ്ഡ്സ് ബോധവത്കരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ലോക എയ്ഡ്സ് ദിനം ആചരിച്ചു. രാവിലെ മുഴുവൻ ജീവനക്കാരും റെഡ് റിബൺ ധരിച്ചു. ഫൈനാൻസ് മാനേജർ ജി. കൃഷ്ണൻനായർ എയ്ഡ്സ് ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് എയ്ഡ്സ് ബോധവത്കരണ ക്ലാസും പോസ്റ്റർ പ്രദർശനവും സംഘടിപ്പിച്ചു. കമ്പനി ജീവനക്കാർക്കിടയിൽ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച ഓട്ടോകാസ്റ്റ് ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ ഉദ്ഘാടനം നടത്തി. അന്നേദിവസം ആറു ജീവനക്കാർ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ രക്തദാനം നടത്തി. എച്ച്ഐവി അണുബാധിതരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ജീവനക്കാർ കാൻവാസിൽ ഒപ്പുവച്ചു.

## ആലുവ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് റീജണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആലുവ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ വിപുലമായ പരിപാടികൾ നടന്നു. ഐ.എം.എ, ആലുവ മുനിസിപ്പാലിറ്റി, കേരള ആക്ഷൻ ഫോഴ്സ്, റെഡ് ക്രോസ്, സെന്റ് സേവ്യേഴ്സ് കോളേജ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പരിപാടികൾ നടന്നത്.

മെഡിക്കൽ സൂപ്രണ്ട് ഡോ.ഹസീന മുഹമ്മദ്, മുനിസിപ്പൽ വൈസ് ചെയർമാൻ അഡ്വ.



*തൃശൂർ അത്താണിയിലെ സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സിലെ ജീവനക്കാർ എയ്ഡ്സ്ദിന പ്രതിജ്ഞ ചൊല്ലുന്നു. മാനേജിംഗ് ഡയറക്ടർ ക്യാപ്റ്റൻ സി. ഉണ്ണികൃഷ്ണനാണ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുന്നത്.*

വി.സലീമിനെ റെഡ് റിബൺ അണിയിച്ചു. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ രണ്ടായിരത്തോളം വിദ്യാർഥികൾ അണിനിരന്ന റാലിയും നടന്നു. എൻ.സി.സി, സ്കൗട്ട്, ഗൈഡ്സ തുടങ്ങി നിരവധി സന്നദ്ധ സംഘടനകളിലെ വിദ്യാർഥികൾ എയ്ഡ്സ് ബോധവത്കരണ സന്ദേശം പ്രതിപാദിക്കുന്ന പ്ലക്കാർഡുമേന്തിയാണ് റാലിയിൽ പങ്കെടുത്തത്. നിശ്ചല ദൃശ്യങ്ങൾ, ബാൻഡ് മേളം തുടങ്ങിയവയും റാലിക്കു വർണപ്പൊലിമയേകി.

എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളിൽ എന്റെ പങ്ക് എന്ന വിഷയത്തിൽ വിദ്യാർഥികൾക്ക് ക്വിസ് മത്സരവും നടന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം എ. എം. യൂസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. സെന്റ് സേവ്യേഴ്സ് കോളജിലെ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രക്തദാന ക്യാമ്പ് നടന്നു. വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ പോസ്റ്റർ പ്രദർശനവും ബോധവത്കരണ പരിപാടികളും നടന്നു.





# എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനം ശ്ലാഘനീയം: മന്ത്രി പി.കെ. ശ്രീമതി ടീച്ചർ

**കേ**രള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനത്തിലൂടെ എയ്ഡ്സിനെക്കുറിച്ചുള്ള ഭീതി കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് ആരോഗ്യവകുപ്പു മന്ത്രി പി.കെ. ശ്രീമതി ടീച്ചർ അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടന്ന എയ്ഡ്സ് ദിനാചരണത്തോടനുന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി. പുതുതായി അണുബാധയേൽക്കുന്നവരുടെ എണ്ണം കേരളത്തിൽ കുറയുന്നുണ്ട്. ശക്തമായ ഇടപെടലുകളിലൂടെ എച്ച്ഐവി അണുബാധിതരോടുള്ള വിവേചനം വലിയൊരു പരിധി വരെ ഇല്ലാതാക്കാൻ സാധിച്ചതായും മന്ത്രി പറഞ്ഞു.

സമ്മേളനത്തിൽ വി.സുരേന്ദ്രൻ പിള്ള എംഎൽഎ അധ്യക്ഷത വഹിച്ചു. അംഗൻവാടി പ്രവർത്തകർക്കുള്ള എച്ച്ഐവി നിയന്ത്രണ പരിശീലന കൈപ്പുസ്തകം സാമൂഹ്യക്ഷേമവകുപ്പു സെക്രട്ടറി ഡോ. ഉഷ ടൈറ്റസിനു നൽകിക്കൊണ്ട് ആരോഗ്യമന്ത്രി പി.കെ. ശ്രീമതി ടീച്ചർ പ്രകാശനം ചെയ്തു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ റിപ്പോർട്ട് അവതരിപ്പിക്കുകയും ഗവർണറുടെ എയ്ഡ്സ് ദിന സന്ദേശം വായിക്കുകയും ചെയ്തു.

സംസ്ഥാന ഡ്രഗ്സ് കൺട്രോളർ എം.പി. ജോർജ്, സി.പി.കെ. പ്ലസ് വൈസ് പ്രസിഡന്റ് ഗിരിജ പവിത്രൻ എന്നിവർ പ്രസംഗിച്ചു. ആരോഗ്യ വകുപ്പു സെക്രട്ടറി മനോജ് ജോഷി സ്വാഗതവും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ നന്ദിയും പറഞ്ഞു. തുടർന്ന് പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോയും അരങ്ങേറി.



*ലോക എയ്ഡ്സ് ദിനാചരണത്തോടനുന്ധിച്ച് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടന്ന പൊതുസമ്മേളനം ആരോഗ്യ വകുപ്പുമന്ത്രി പി.കെ. ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു. സി.പി.കെ. പ്ലസ് വൈസ് പ്രസിഡന്റ് ഗിരിജ പവിത്രൻ,കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ, അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ, വി. സുരേന്ദ്രൻ പിള്ള എംഎൽഎ, സംസ്ഥാന ഡ്രഗ്സ് കൺട്രോളർ എം.പി. ജോർജ്, ആരോഗ്യവകുപ്പു സെക്രട്ടറി മനോജ് ജോഷി, സാമൂഹ്യക്ഷേമവകുപ്പു സെക്രട്ടറി ഡോ. ഉഷ ടൈറ്റസ് എന്നിവർ സമീപം.*

# സംസ്ഥാനത്ത് വിപുലമായ എയ്ഡ്സ് ദിനാചരണം; രണ്ടു ലക്ഷത്തിലേറെ പേർ റെഡ് റിബൺ ധരിച്ചു

**വി**പുലമായ പരിപാടികളോടെ കേരളത്തിൽ എയ്ഡ്സ് ദിനം ആചരിച്ചു. എച്ച്ഐവി അണുബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് സംസ്ഥാനത്തെമ്പാടുമായി രണ്ടു ലക്ഷത്തിലേറെ പേർ റെഡ് റിബൺ ധരിച്ചു. യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടന്ന എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ആരോഗ്യമന്ത്രി പി.കെ. ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്തു.

രാവിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ ആരോഗ്യമന്ത്രി പി.കെ ശ്രീമതി ടീച്ചർ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനെ റെഡ് റിബൺ അണിയിച്ചു. എച്ച്ഐവി അണുബാധിതരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിന് എല്ലാ ജനവിഭാഗങ്ങളും റെഡ് റിബൺ അണിഞ്ഞ് അവരോട് സഹാനുഭൂതി പ്രകടിപ്പിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എച്ച്ഐവി അണുബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എച്ച്ഐവിക്ക് എതിരായ സന്ദേശങ്ങൾ പ്രചരിപ്പിക്കണമെന്ന് ചടങ്ങിൽ ആരോഗ്യമന്ത്രി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞു. തുടർന്ന് ചിഫ് സെക്രട്ടറി നീല ഗംഗാധരനെ ആരോഗ്യവകുപ്പ് സെക്രട്ടറി മനോജ് ജോഷി ഐഎഎസ് റെഡ് റിബൺ അണിയിച്ചു. മാധ്യമ പ്രവർത്തകരും റെഡ് റിബൺ അണിഞ്ഞു.

സംസ്ഥാനത്തെ പോലീസുകാരും റെഡ് റിബൺ ധരിച്ചാണ് ജോലി ചെയ്തത്. സാമൂഹ്യക്ഷേമ വകുപ്പ്, കെ.എസ്.ആർ.ടി.സി, കളക്ടറേറ്റുകൾ, തദ്ദേശസ്വയം ഭരണ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാർ റെഡ് റിബൺ ധരിച്ചു.

പ്രത്യാശയുടെ ആഭിമുഖ്യത്തിൽ റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ റെഡ് റിബൺ വിതരണം ചെയ്തു.

വിവിധ ജില്ലകളിൽ പ്രത്യാശയും ആഭിമുഖ്യത്തിൽ റാലിയും എച്ച്ഐവി അണുബാധിതരുടെ അനുഭവ വിവരണവും നടന്നു. സംസ്ഥാനത്തെ വിവിധ കോളജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിലും റെഡ് റിബൺ അണിയലും എയ്ഡ്സ് ദിനാചരണ പരിപാടികളും സംഘടിപ്പിച്ചു.

സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ അഞ്ചു സർക്കാർ മെഡിക്കൽ കോളേജുകളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും വിപുലമായ എയ്ഡ്സ് ദിനാചരണ പരിപാടികൾ നടന്നു. ഉഷസ് കേന്ദ്രങ്ങളുടെയും മെഡിസിൻ വകുപ്പിന്റെയും സഹകരണത്തോടെയായിരുന്നു പൊതുയോഗവും പാനൽ ചർച്ചയും ഉൾപ്പെടെയുള്ള പരിപാടികൾ നടത്തിയത്.

സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വിവിധ സേവന കേന്ദ്രങ്ങളായ ജ്യോതിസ്, പുലരി തുടങ്ങിയവയുടെ ആഭിമുഖ്യത്തിലും സംസ്ഥാന വ്യാപകമായി എയ്ഡ്സ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു.




*പാലക്കാട് ഗവ. പോളിടെക്നിക്കിലെ വിദ്യാർഥികൾ നടത്തിയ എയ്ഡ്സ്ദിന റാലി*

ലോക എയ്ഡ്സ് ദിനം 2009

# നാടെങ്ങും എയ്ഡ്സ് ദിനാചരണ പരിപാടികൾ

## അൽഷിഫ ഹോസ്പിറ്റൽ

പെരിന്തൽമണ്ണ അൽഷിഫ ഹോസ്പിറ്റലിൽ ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് എച്ച്ഐവി ബോധവത്കരണ പ്രദർശനം സംഘടിപ്പിച്ചു. വി.ശശികുമാർ എംഎൽഎ പ്രദർശനം ഉദ്ഘാടനം ചെയ്തു. തുടർന്ന് എച്ച്ഐവി ബോധവത്കരണ ക്ലാസും എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകളുടെ വിതരണവും ഉണ്ടായിരുന്നു.



*കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിലെ റെഡ് റിബൺ ക്ലബ് അംഗങ്ങളായ വിദ്യാർഥിനികൾ ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി എയ്ഡ്സ് പ്രതിരോധ പ്രതിജ്ഞ ചൊല്ലുന്നു.*

## അഗളിയിൽ ലഘുലേഖ വിതരണവും റാലിയും

അഗളി ജ്യോതിസ് കേന്ദ്രത്തിൽ ബോധവത്കരണ ഉപാധികളുടെ വിതരണം നടന്നു. ജ്യോതിസ് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ ഡോ. സജി സുബൈർ വിശദീകരിച്ചു. തുടർന്ന് കരാര, കൽക്കണ്ടി, ചിറ്റൂർ എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്കായി എച്ച്ഐവി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

മെഡിക്കൽ ഓഫീസർ ഡോ. സജി സുബൈർ ദിനാചരണ പരിപാടിയിൽ പങ്കെടുത്തു. ഹോപ് ഫൗണ്ടേഷനുമായി ചേർന്ന് റാലിയും നടന്നു. അതിനുശേഷം നഗരത്തിലെ വിദ്യാർഥികൾ എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശം ഉൾക്കൊള്ളുന്ന നാടകം അവതരിപ്പിച്ചു.

## കൊച്ചി സഹകരണ മെഡിക്കൽ കോളജിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് കൊച്ചി സഹകരണ മെഡിക്കൽ കോളജിൽ പുലരി ക്ലിനിക്കിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പും ബോധവത്കരണ ക്ലാസും നടന്നു. അസമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പൗലോസ് മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എയ്ഡ്സ് ദിനാചരണ പരിപാടികൾ വൈസ്മെൻ ഇന്റർനാഷണൽ പ്രസിഡന്റ് അഡ്വ. രവികുമാർ ഉദ്ഘാടനം ചെയ്തു. എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ പ്രതിജ്ഞ എടുക്കൽ, മെഴുകുതിരി തെളിയിക്കൽ തുടങ്ങിയ പരിപാടികളും ഉണ്ടായിരുന്നു.

ഗൈനക്കോളജി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. കുമാരി ജോയ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് നടന്ന ബോധവത്കരണ ക്ലാസിൽ എച്ച്ഐവി, എയ്ഡ്സിനെയും പ്രതിരോധ പ്രവർത്തനങ്ങളെയും പറ്റി കൊച്ചി സഹകരണ മെഡിക്കൽ കോളജിലെ പുലരി ക്ലിനിക് ഇൻ-ചാർജ് ഡോ. ദീപ അഗസ്റ്റിൻ ക്ലാസെടുത്തു. അതിനുശേഷം സൗജന്യ മെഡിക്കൽ പരിശോധന നടന്നു. 280 രോഗികളും ആറ് ഡോക്ടർമാരും ക്യാമ്പിൽ പങ്കെടുത്തു. തുടർന്ന് പെരുമ്പാവൂർ മാർത്തോമ കോളജിൽ എയ്ഡ്സ് അവബോധ ക്വിസ് നടന്നു. പുലരിയും ഐ.എം.എ പെരുമ്പാവൂർ ഘടകത്തിന്റെ വനിതാ വിഭാഗവും സംയുക്തമായാണ് ക്വിസ് സംഘടിപ്പിച്ചത്. വിജയികൾക്ക് ഡോ. ദീപ അഗസ്റ്റിൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

## ഇടുക്കി ജില്ലാ ആശുപത്രിയിൽ

ഇടുക്കി ജില്ലാ ആശുപത്രിയിൽ നടന്ന ദിനാചരണം ആശുപത്രി സൂപ്രണ്ട് ഡോ. പി.ജി. ജയിംസ് ഉദ്ഘാടനം ചെയ്തു. ആശുപത്രി ജീവനക്കാരും രോഗികളും റെഡ് റിബൺ അണിഞ്ഞു. എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ ക്ലാസും ബോധവത്കരണ ഉപാധികളുടെ വിതരണവും നടന്നു. പോലീസ് ഉദ്യോഗസ്ഥർക്കായി നടന്ന ബോധവത്കരണ ക്ലാസ് ഡി.വൈ.എസ്.പി കൃഷ്ണൻ കുട്ടി ഉദ്ഘാടനം ചെയ്തു.

## എറണാകുളം ജനറൽ ആശുപത്രിയിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് എറണാകുളം ജനറൽ ആശുപത്രിയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സേവനകേന്ദ്രങ്ങളായ ഉഷസ്, ജ്യോതിസ്, പുലരി എന്നിവയുടെ ആഭിമുഖ്യത്തിലായിരുന്നു ദിനാചരണ പരിപാടികൾ. രാവിലെ നടന്ന പൊതുയോഗം കൊച്ചി നഗരസഭ മേയർ പ്രൊഫ. മേഴ്സി വില്യംസ് ഉദ്ഘാടനം ചെയ്തു. എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. റോഷി സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തി. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എൻ.എ മണി, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എലിയാമ്മ. പി. മത്തായി തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് റെഡ് റിബൺ അണിയിക്കൽ, മെഴുകുതിരി തെളിയിക്കൽ എന്നിവയും പ്രതിജ്ഞ ചൊല്ലലും നടന്നു. തുടർന്ന് എച്ച്ഐവി ബോധവത്കരണ ക്ലാസും നടന്നു. നഴ്സിംഗ് വിദ്യാർഥികൾ, സാമൂഹ്യ പ്രവർത്തന വിദ്യാർഥികൾ, സുരക്ഷ പ്രോജക്ട് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. എറണാകുളം ജനറൽ ആശുപത്രി ഹൗസ് സർജൻ ഡോ. നിമിഷ ക്ലാസെടുത്തു.

## കോട്ടയം മെഡിക്കൽ കോളജിൽ

കോട്ടയം മെഡിക്കൽ കോളജിൽ പൊതുയോഗം നടന്നു. ഡെർമറ്റോളജി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജോർജ് കൂര്യൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് എച്ച്ഐവി ബോധവത്കരണ ക്ലാസ് നടന്നു. ആശുപത്രി ജീവനക്കാർ, മെഡിക്കൽ വിദ്യാർഥികൾ, രോഗികൾ എന്നിവർ ക്ലാസിൽ പങ്കെടുത്തു. തുടർന്ന് ബോധവത്കരണ ലഘുലേഖകളുടെ വിതരണവും നടന്നു.

## കോഴിക്കോട് ജനറൽ ആശുപത്രിയിൽ

കോഴിക്കോട് ജനറൽ ആശുപത്രിയിൽ പുലരിയുടെ ആഭിമുഖ്യത്തിൽ ദിനാചരണ പരിപാടികൾ നടന്നു. എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ ക്ലാസ് നടന്നു. ആശുപത്രി ജീവനക്കാർക്കും രോഗികൾക്കും ബോധവത്കരണ ഉപാധികൾ വിതരണം ചെയ്യുകയും റെഡ് റിബൺ ധരിക്കുകയും ചെയ്തു. തുടർന്ന് എച്ച്ഐവി, എയ്ഡ്സിനെ പറ്റി ഗ്രൂപ്പ് ചർച്ചയും ഉണ്ടായിരുന്നു.



*ചോറ്റാനിക്കര ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോപ്പതിക് മെഡിക്കൽ കോളജിലെ റെഡ് റിബൺ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾ പോലീസ് ഉദ്യോഗസ്ഥനെ റെഡ് റിബൺ അണിയിക്കുന്നു.*

## കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പൊതുയോഗം സംഘടിപ്പിച്ചു. ആശുപത്രി സൂപ്രണ്ട് ഡോ. ടി.വി സുരേന്ദ്രൻ യോഗം ഉദ്ഘാടനം ചെയ്തു.

ജ്യോതിസ് കൗൺസലർ രാജൻ, നഴ്സിംഗ് സൂപ്രണ്ട് ഇൻ-ചാർജ് ഏലി, ടെക്നിക്കൽ അസിസ്റ്റന്റ് ഉണ്ണികൃഷ്ണൻ, പ്രത്യാശ കേന്ദ്രം കോ- ഓർഡിനേറ്റർ പ്രേമ എന്നിവർ സംസാരിച്ചു. തുടർന്ന് റെഡ് റിബൺ ധരിക്കലും ബോധവത്കരണ ലഘുലേഖകളുടെ വിതരണവും ഉണ്ടായിരുന്നു.





ലോക എയ്ഡ്സ് ദിനം 2009

# രണ്ടായിരം മെഴുകുതിരികൾ കത്തിച്ച് മാനന്തവാടിയിൽ എയ്ഡ്സ് ദിനാചരണം

**ലോ**ക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് ഐ.ആർ.സി.എസ് നടപ്പാക്കുന്ന സുരക്ഷ പദ്ധതിയുടെ ആഭിമുഖ്യത്തിൽ വ്യത്യസ്തങ്ങളായ പരിപാടികൾ നടന്നു. വൈകുന്നേരം ഏഴു മണിക്ക് മാനന്തവാടി പട്ടണത്തിലെ എല്ലാ സ്ഥാപനങ്ങളും നാലു മിനിറ്റ് ലൈറ്റുകൾ അണച്ച് മെഴുകുതിരി തെളിയിച്ചു. തുടർന്ന് നഗരത്തിൽ രണ്ടായിരം മെഴുകുതിരികൾ ഉപയോഗിച്ച് ലോക എയ്ഡ്സ് ദിനം 2009 എന്ന് എഴുതി. റെഡ് റിബണിന്റെ കൂറ്റൻ കട്ടൗട്ടും സമീപത്ത് സ്ഥാപിച്ചു. തുടർന്ന് എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന റെഡ് റിബൺ എന്ന സിനിമ പ്രദർശിപ്പിച്ചു. ഇ



ന്ത്യൻ ക്യാംപസ് ക്രൂസേഡ് പ്രവർത്തകരായിരുന്നു സിനിമ നിർമിച്ചത്.

ഒന്നര മണിക്കൂറായിരുന്നു പ്രദർശനം. രാവിലെ മാനന്തവാടി പഞ്ചായത്ത് ബസ് സ്റ്റാൻഡ്, വള്ളിയൂർക്കാവ് ജംഗ്ഷൻ, ഗാന്ധി പാർക്ക്, കണ്ണൂർ റോഡ്, കോഴിക്കോട് റോഡ് എന്നിവിടങ്ങളിൽ സ്ഥാപിച്ച ഐ.ഇ.സി ബൂത്തുകൾ വഴി എച്ച്ഐവി ബോധവത്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകൾ വിതരണം ചെയ്തു. തുടർന്ന് പോലീസ് വകുപ്പ്, വ്യാപാരി വ്യവസായി ഏകോപന സമിതി, ജൂണിയർ റെഡ് ക്രോസ്, എൻ.എസ്.എസ്, സ്കൗട്ട്, ഗൈഡ്സ് എന്നിവയുടെ ആഭിമുഖ്യത്തിൽ നഗരത്തിൽ റാലി നടന്നു. പോസ്റ്റർ പ്രദർശനം, റെഡ് റിബൺ അണിയിക്കൽ, പൊതുസമ്മേളനം എന്നിവയും ഉണ്ടായിരുന്നു.

## തൃശൂർ മെഡിക്കൽ കോളജിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് തൃശൂർ മെഡിക്കൽ കോളജിൽ വിവിധ പരിപാടികൾ നടന്നു. ഉഷസ് കേന്ദ്രത്തിന്റെയും എൻ.എസ്.എസ് യൂണിറ്റിന്റെയും ആഭിമുഖ്യത്തിലായിരുന്നു ദിനാചരണം. മെഡിക്കൽ വിദ്യാർഥികൾക്കും ആശുപത്രി ജീവനക്കാർക്കുമായി എച്ച്ഐവി ബോധവത്കരണ ക്ലാസ് നടന്നു. ചെസ്റ്റ് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. എം.എ രവീന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. കെ മോഹനൻ, ഡോ. കെ. അജിത്കുമാർ, പ്രത്യാശ കോ-ഓർഡിനേറ്റർ ദീപ വിനോദ് തുടങ്ങിയവർ സംസാരിച്ചു. റെഡ് റിബൺ അണിയിക്കൽ പരിപാടി മെഡിക്കൽ കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. ഗിരിജ ഉദ്ഘാടനം ചെയ്തു. തുടർന്ന് ബോധവത്കരണ ലഘുലേഖകളുടെ വിതരണം നടന്നു.

## പരിയാരം മെഡിക്കൽ കോളജിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് പരിയാരം മെഡിക്കൽ കോളജിൽ വിവിധ പരിപാടികൾ നടന്നു. രാവിലെ എച്ച്ഐവി എയ്ഡ്സ് ബോധവത്കരണ സെമിനാർ നടന്നു. ജസ്റ്റിസ് മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. കെ.ഡി.എച്ച്.സി വൈസ് ചെയർമാൻ പി.ഡി ചാക്കോമാസ്റ്റർ, പീഡിയാട്രിക്സ് പ്രൊഫസർ ഡോ. സുധാകരൻ, പയ്യന്നൂർ റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ഡോ. സന്തോഷ് ശ്രീധർ എ.സി.എം.ഇ പ്രിൻസിപ്പൽ ഡോ. ബി. രാധാകൃഷ്ണൻ, എൻ.എസ്.എസ് സെക്രട്ടറി ശ്രീജിത്ത്. ആർ. നായർ, ഡോ. മുബാറക് സാനി ടി.പി, ഡോ. ബിഫി ജോയ് തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് പരിയാരം എൻ.എസ്. എസ് നഴ്സിംഗ് യൂണിറ്റ് എയ്ഡ്സ് ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന നാടകം അവതരിപ്പിച്ചു. പോസ്റ്റർ പ്രദർശനവും വിവിധ കോളേജുകളിലെ വിദ്യാർഥികൾക്കായി ഇന്റർ കോളജിയറ്റ് ക്വിസ് മത്സരവും സംഘടിപ്പിച്ചു. മെഡിസിൻ വിദ്യാർഥികളും ആശുപത്രി ജീവനക്കാരും ഡോക്ടർമാരും റെഡ് റിബൺ അണിഞ്ഞു. പരിയാരം മെഡിക്കൽ കോളജ്, നഴ്സിംഗ് കോളജ്, എൻ.എസ്.എസ് യൂണിറ്റുകൾ, റെഡ് റിബൺ ക്ലബ്ബ്, പയ്യന്നൂർ റോട്ടറി ക്ലബ്ബ്, ജ്യോതിസ്, പുലരി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു ദിനാചരണം.

## മഞ്ചേരി ജില്ലാആശുപത്രിയിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് മഞ്ചേരി ജില്ലാ ആശുപത്രിയിൽ എച്ച്ഐവി എയ്ഡ്സ് ബോധവത്കരണ ക്ലാസ് നടന്നു. ആശുപത്രി സൂപ്രണ്ട് ഡോ. പി.എൻ രമണി, എസ്.ടി.ഐ ക്ലിനിക് മെഡിക്കൽ ഓഫീസർ ഡോ. ടി. സഫിയ, നഴ്സിംഗ് ഓഫീസർ അയിഷാബി, ഹെൽത്ത് ഇൻസ്പെക്ടർ ഹമീദ്, സ്റ്റാഫ് കൗൺസിൽ സെക്രട്ടറി പ്രദീപ്, ആരോഗ്യകേരളം ബ്ലോക്ക് കോ-ഓർഡിനേറ്റർ അലി ബാപ്പു, ജ്യോതിസ് കൗൺസലർ ശ്രീകല, ഫിറോസ് അലി തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ബോധവത്കരണ ലഘുലേഖകളുടെ വിതരണവും റെഡ് റിബൺ അണിയലും നടന്നു.

## മാനന്തവാടി ജില്ലാ ആശുപത്രിയിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് മാനന്തവാടി ജില്ലാ ആശുപത്രിയിൽ എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ ക്ലാസ് നടന്നു. തുടർന്ന് ബോധവത്കരണ ഉപാധികളുടെ വിതരണവും റെഡ് റിബൺ അണിയിക്കലും ഉണ്ടായിരുന്നു. വരധൂർ ടൗണിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. എസ്.ടി.ഐ കൗൺസലർ ക്ലാസെടുത്തു.

## കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ

ലോക എയ്ഡ്സ് ദിനത്തോട് അനുബന്ധിച്ച് കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ എച്ച്ഐവി എയ്ഡ്സ് ബോധവത്കരണ ക്ലാസ് നടന്നു. ആലപ്പുഴ മെഡിക്കൽ കോളജ് അസോസിയേറ്റ് പ്രൊഫസർ ഡോ. പദ്മകുമാർ ഉദ്ഘാടനം ചെയ്തു.

ജില്ലാ നോഡൽ ഓഫീസർ ഡോ. ജേക്കബ് ജയിൻ മുഖ്യപ്രഭാഷണം നടത്തി. ഡോ. അമ്പിളി, ഡോ. സജിത് കുമാർ, വി.സി ജയകുമാരി, ടി.വി ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ പ്രദർശനം നടന്നു. എല്ലാ ജീവനക്കാരും റെഡ് റിബൺ അണിഞ്ഞു.



*ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നടന്ന സമ്മേളനത്തിൽ മാനേജിംഗ് ഡയറക്ടർ ജോർജ് കെ. മാത്യു ഭദ്രദീപം തെളിക്കുന്നു.*